"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ കെൽട്രോൺ എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന് പർച്ചേയ്സ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/SJD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. 02.02.2016-ലെ സ. ഉ. (സാധാ) നമ്പർ. 3299/2016/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ്
2. 01.11.2017-ലെ സ. ഉ. (സാധാ) നമ്പർ. 3521/2017/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ്
3. 20.05.2025-ലെ സ. ഉ. (സാധാ) നമ്പർ. 109/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
4. 03.07.2025-ലെ സ. ഉ. (സാധാ) നമ്പർ. 181/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
5. 23.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10292/2025/ധന സർക്കാർ ഉത്തരവ്
6. 29.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10400/2025/ധന സർക്കാർ ഉത്തരവ്
7. 21.01.2026-ലെ സ. ഉ. (സാധാ) നം 21/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
8. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 13.01.2026-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി/520/2024-എ.5. നമ്പർ കത്തും, 16.01.2026-ലെ 100/എ7/2026/കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി നമ്പർ കത്തും
9. കെൽട്രോൺ യൂണിറ്റ് ഹെഡിന്റെ 16.1.26-ലെ KLD?MKTG/2025-26/343 നമ്പർ കത്തും കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ 29.01.2026-ലെ MD/CPD-51/2025-26/86 തീയതി 29.1.2026 നമ്പർ കത്തും

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ്

10 ഡയറക്ടറുടെ 31.01.2026-ലെ 212/ബി.2/എച്ച്.പി.ഡബ്ല്യൂ.സി/2024 നമ്പർ കത്ത്

11 03.02.2026-ലെ സ. ഉ. (സാധാ) നം 38/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ 2235-02-190-98-പ്ലാൻ ശീർഷകത്തിൽ 11,00,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്ന് ശുഭയാത്ര പദ്ധതിയ്ക്കായി 3,55,00,000/- രൂപ വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഭരണാനുമതി നൽകി പരാമർശം 3-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് മേൽപറഞ്ഞ ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി പരാമർശം 7-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം 3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീലോടുകൂടിയ സ്കൂട്ടർ (88 എണ്ണം) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന M/s Ace Motors Private Ltd എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങുന്നതിനുള്ള പർച്ചേസ് അനുമതി പ്രസ്തുത കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നൽകിക്കൊണ്ട് പരാമർശം 4-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ശുഭയാത്ര പദ്ധതിയിൻ കീഴിൽ പെൻഡിംഗ് ആയിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി 2235-02-190-98-പ്ലാൻ ശീർഷകത്തിൽ പരാമർശം 5, 6 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അധികധനാനുമതിയായി അനുവദിച്ച 23,85,00,000/- രൂപ (23,15,00,000/- രൂപ + 70,00,000/- രൂപ എന്നീ ക്രമത്തിൽ) ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള മൊത്തം 34,85,00,000/- രൂപയിൽ നിന്നും ശുഭയാത്ര പദ്ധതിക്കായി (സൈഡ് വീൽ സ്കൂട്ടർ വിതരണം, ഇലക്ട്രിക് വീൽ ചെയർ വിതരണം, സ്മാർട്ട് ഫോൺ വിതരണം എന്നീ പദ്ധതികൾക്കായി) ആകെ 26,40,00,000/- രൂപ വിനിയോഗിക്കുന്നതിന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പരാമർശം 8-ലെ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകി പരാമർശം 11-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. സൈഡ് വീൽ സ്കൂട്ടർ ആവശ്യപ്പെട്ട് കൊണ്ടുള്ള 2018 സാമ്പത്തിക വർഷം മുതലുള്ള ഏകദേശം 1800 അപേക്ഷകൾ കൂടി തീർപ്പാക്കാനുണ്ടെന്നും, നിലവിൽ സൈഡ് വീൽ സ്കൂട്ടറുകൾ വാങ്ങാൻ പരാമർശം 4 പ്രകാരം അനുമതി നല്കിയ വിതരണക്കാരുടെ നിരക്കായ 1,07,500/- രൂപയിൽ നിന്നും കുറഞ്ഞ നിരക്കായ 1,07,250/- രൂപയ്ക്ക് കോർപറേഷന്റെ നിലവിലെ ടെണ്ടർ വ്യവസ്ഥകളിലെ നിബന്ധനകൾ, specifications എല്ലാം തന്നെ പാലിച്ചുകൊണ്ട് ഗുണ നിലവാരം ഉറപ്പ് വരുത്തി സൈഡ് വീൽ സ്കൂട്ടറുകൾ ലഭ്യമാക്കാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുള്ളതായി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 10-പ്രകാരം അറിയിച്ചിരുന്നു. കൂടാതെ പരാമർശം-1 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണെന്നും ഇപ്രകാരം കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണെന്നും അതോടൊപ്പം ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റങ്ങളോടെ കെൽട്രോൺ സൈഡ്

വീൽ ഘടിപ്പിച്ച നൽകുന്ന സ്കൂട്ടറുകൾ വാങ്ങാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ പരാമർശം 2-പ്രകാരം മുൻപ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, ആയതിനാൽ 1800 അപേക്ഷകർക്കായുള്ള സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ കെൽട്രോണിൽ നിന്ന് 1,07,250/-നിരക്കിൽ വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകണമെന്ന് കോർപറേഷൻ മാനജിംഗ്ഡയറക്ടർ പരാമർശം 10-പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഭിന്നശേഷി ക്ഷേമ കോർപ്പറേഷന് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ നല്കുന്നതിന് അനുമതി നല്കണമെന്ന് കെൽട്രോൺ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് പരാമർശം 9 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾക്ക് കെൽട്രോൺ നിശ്ചയിച്ച കുറഞ്ഞ നിരക്കും കെൽട്രോൺ എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ വിശ്വാസ്യതയും പരിഗണിച്ച്, ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ (1800 എണ്ണം) 1,07,250/- രൂപ നിരക്കിൽ 19,30,50,000/- രൂപ (പത്തൊമ്പത് കോടി മുപ്പത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിച്ച്, കെൽട്രോൺ എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങുന്നതിനുള്ള പർച്ചേസ് അനുമതി കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ,
പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ്ഡയറക്ടർ,കെൽട്രോൺ,കെൽട്രോൺഹൗസ്,വെള്ളയമ്പലം,തിരുവനന്തപുരം- 695033
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
ധനകാര്യ (പി.യു.-സി) വകുപ്പ് (21.02.2026-ലെ 3283880/പി.യു.-സി.4/161/
2025/ധന കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറി